
നിലാവ്
PMSAPTHSS KAKKOVE

സുഹൃത്തേ .............

g

ചിരിക്കാനും ചിരിപ്പിക്കാനും
ചിരിപ്പിക്കുന്നവരെയും
ഇഷ്ടപ്പെടാത്തവരായി ആരുമില്ല.
ഒതുക്കിവെച്ച സന്തോഷങ്ങളും ഇഷ്ടങ്ങളും
തുറന്നു പറയാൻ ഒരു അത്താണി
തേടുകയാണ് ഇവർ. അവരുടെ
സന്തോഷങ്ങൾ നമുക്കും പങ്കുവയ്ക്കാം.
ഞങ്ങളിത് നിങ്ങൾക്ക് മുമ്പിൽ
സമർപ്പിക്കുന്നു.
പ്രിയപ്പെട്ട വായനക്കാർക്ക് മുമ്പിൽ........
ഒല്ലപം അഭിമാനത്തോടെ
പരിപൂർണ്ണമല്ലെന്ന് ഉത്തമ
ബോധ്യത്തോടെ

സ്നേഹപൂർവ്

എഡിറ്റോറിയൽബോർഡ്

# മലമുകളിലെ വിസ്മയ ലോകം

കോവിഡ് എന്ന മഹാമാരി ഭീതി പരത്തി കൊണ്ടിരിക്കുമ്പോൾ മനസ്സാകെ കാർമേഘം മൂ ടിയ പോലെ കുറച്ചു ദിവസങ്ങളായി ചെറിയൊരു ആശ്വാസത്തിന് വക നൽകി കൊണ്ടാണ് മരണനിരക്കും അസുഖം ബാധിതരുടെ നിരക്കും കുറയുന്നു എന്ന വാർത്തകൾ വരാൻ തുടങ്ങിയത് പേമാരിക്കു ശേഷമുള്ള വെള്ളിവെളിച്ചം മനസ്സിൽ പ്രകാശത്തിന്റെ നാളം തെളിച്ചുകൊണ്ട് വിദ്യാലയങ്ങൾ നവംബർ 15ന് തുറക്കുന്നു എന്ന വാർത്തയും എന്നിലേക്ക് എത്തി സന്തോഷം തുള്ളിച്ചാടാൻ തോന്നി തടവറയിൽ നിന്ന് രക്ഷപ്പെട്ട് പുറത്തേക്ക് പോകാൻ കിട്ടിയ അവസരം ആ സന്തോഷത്താൽ



നടക്കുന്നതിനിടയിലാണ് കുടുംബാംഗങ്ങൾ എല്ലാവരും കൂടി വായയൂരിലേക്കുള്ള ഹോറിസോൺ മല കാണാൻ പോകാൻ തീരുമാനിച്ചത് ഇത് കേട്ടപ്പോ എന്റെ മനസ്സിൽ ഇരട്ടി സന്തോഷമായി കുറേനാളായി കൊണ്ടുനടക്കുന്ന സ്വപ്നം പൂവണിയുന്നു രാവിലെ 5 മണിക്ക് ജീപ്പിൽ കയറി അരമണിക്കൂർ യാത്ര ചെയ്ത് മലയുടെ താഴെ വന്നിറങ്ങി അവിടന്ന് മുകളിലേക്കുള്ള യാത്ര കുറെ ദൂരം കയറി കഴിഞ്ഞപ്പോഴേക്കും ക്ഷീണിച്ചു എങ്കിലും സാവധാനം നടന്നു കയറി മുകളിൽ ചെന്ന് താഴേക്ക് നോക്കിയപ്പോൾ വല്ലാത്ത ഒരു അനുഭൂതി മഞ്ഞു വീഴ്ച വല്ലാതെയില്ല പ്രകൃതി മനോഹരമായിരുന്നു അവിടന്ന് കുറച്ചു ഫോട്ടോസ് എടുത്തു കഴിഞ്ഞപ്പോഴേക്കും താഴെ നിന്നും മെല്ലെ മഞ്ഞുയർന്നു വരാൻ തുടങ്ങി അതെങ്ങനെ പൊങ്ങിപ്പൊങ്ങി മേക്കപ്പടലം പോലെ ഞങ്ങളെയാകെ പൊതിയാൻ തുടങ്ങി ഹേ സ്വർഗ്ഗത്തിലാണോ എന്ന് തോന്നും പോലെ പരസ്പരം കാണാനാവാത്ത വിധത്തിൽ ഞങ്ങളാകെ മഞ്ഞിൽ പൊതിഞ്ഞ് മനസ്സുശരീരവും തണുത്തു നോക്കെത്താ ദൂരത്തോളം വെള്ള പുതച്ച് പോലെ അതിൽ മുങ്ങി പ്രകൃതിയും ഇത്ര സുന്ദരമായ ഒരു കാഴ്ച ജീവിതത്തിൽ ഇന്നുവരെ ഒരു യാത്രയിലും ഞാൻ കണ്ടിട്ടില്ലായിരുന്നു മനസ്സിന്റെ കോണിൽ നനഞ്ഞ മഞ്ഞിന്റെ സ്പർശനം ഒരു തൂവൽ പോലെ പാറിപറന്നങ്ങനെ ഞാനും പ്രകൃതി നമ്മൾക്കായി ഒരുക്കിയ വിസ്മയ കാഴ്ച ഓരോ സഞ്ചാരിയെയും വീണ്ടും അവിടേക്ക് വിളിച്ചു കൊണ്ടിരിക്കുന്നു ജീവിതത്തിലെ ഓരോ ഘട്ടങ്ങളിലും നമ്മളെ തേടി ഓരോ അനുഭവങ്ങൾ വന്നു കൊണ്ടേയിരിക്കുന്നു ഈ യാത്രയെ കുറിച്ച് എനിക്ക് കൂട്ടുകാരികളോട് വർണ്ണിച്ചു മതിയായില്ല കണ്ണിൽ നിന്നും മായുന്നില്ല വീണ്ടും മാടി വിളിക്കുന്നു മലയുടെ മുകളിലെ മാസ്മരിക ലോകം സ്വപ്നത്തിലെന്നപോലെ മിന്നിമറയുന്നു

# My Nice Friend

*I am a rat*

*Sitting on a mat*

*I have a friend*

*He is so kind*

*He has a long moustache*

*He likes to eat fish*

*"Meaw, Meaw" he sings*

*His song is nice*

*Aban*



# *THE SILENCE*

once I went the bank
of Sea

I know sea is the king of Eternity

nobody is their

I looked around me

I saw that Everything is Silent

cloudes face covered with sad. no waves in the sea.

when a small wind kiss the Sea Seawaves getup from the sleep clouds locked me with a Small Smile

Sun is rendy to bath in sea. that time I looked to my watch

this is the time to return I Looked the sea once for a lust sight
ishan



# അച്ഛൻ

ഒരു ദിവസം അമ്മു തൻ്റെ അമ്മയോട് ചോദിച്ചു. അമ്മേ യഥാർത്ഥത്തിൽ എൻ്റെ അച്ഛൻ അരാണ് ? അമ്മ പറഞ്ഞു: നിൻ്റെ അച്ഛനോ? നിനക്ക് നിൻ്റെ അച്ഛനെ അറിയില്ലെന്നോ വെരും കഷ്ടം. നീ 3ാം ക്ലാസിൽ എത്തി യിരിക്കുന്നു. യഥാർത്ഥത്തിൽ ഒരു കുട്ടിക്ക് 4-5 വയസ്സ് ആക്കുമ്പോൾ ആ കുട്ടി തൻ്റെ അച്ഛനെയും അമ്മയെയും ബന്ധുക്കളെയും തിരിച്ചറിയും.നീയ യഥാർത്ഥത്തിൽ നീ ഒരു മണ്ടി തന്നെ.' അമ്മയുടെ ഈ വാക്കുകൾ അമ്മുവിൻ്റെ മനസ്സിൽ മുറിവുണ്ടാക്കി.പിന്നെ അവൾക്ക് ദിനെന ഓരോ അസുഖമുണ്ടായി. അവൾ അവശ്യത്തിന് ഭക്ഷണം കഴിക്കാതായി. അങ്ങനെ ഒരിക്കൽ അവളുടെ അമ്മ അവളെ ഒരു വിദഗ ഡ്ഡാക്കുറുടെ അടുക്കൽ കൊണ്ടു പോയി.'ഡോക്ടർ,എൻ്റെ മകൾ സംസാരിക്കുന്നില്ല, ഭക്ഷണം കഴിക്കുന്നില്ല. അവൾക്ക് 2 അഴ്ച്ചയായി തുടർച്ചായി പനിയും തലവേദനയും. ഡോക്ടർ ദയവ് ചെയ്ത് എൻ്റെ മകളുടെ രോഗം സുഖപ്പെടുത്തി തരണം! അവളുടെ അമ്മ കരഞ്ഞ് കൊണ്ട് പറഞ്ഞു. 'അതെ ഞാൻ അവളുടെ രോഗം എത്രയും പെട്ടെന്ന് സുഖപ്പെടുത്തിതരാം. നിങ്ങൾ കുറച്ച് സമയം ഒന്ന് പുറത്തിരങ്ങി നിൽക്കൂ.എനിക്ക് ഇവളോട് കുറച്ച് കാര്യങ്ങൾ സാസാരിക്കാനണ്ട്.ഡോക്ടർ അമ്മുവിൻ്റെ അമ്മയോട് പറഞ്ഞു. അവർ പുറത്തിറങ്ങി. ഡോക്ടർ അമ്മുവിനോട് തൻ്റെ ഈ വൈഷമ്യങ്ങൾക്കുളള കാരണം അന്വേഷിച്ചു. ആദ്യമൊന്നും അമ്മു പറയാൻ കൂട്ടാക്കിയില്ല. പിന്നെ ഡോക്ടറുടെ നിർബന്ധത്തിന് വഴങ്ങി അതിൻ്റെ കാരണങ്ങൾ പറഞ്ഞു. 'മോളെ, ഇത്രയും കാര്യങ്ങളിൽ നിന്ന് എനിക്ക് നിന്നിൽ നിന്നും വലതും മനസ്സിലാക്കാൻ കഴിഞ്ഞു. ഞാൻ നിൻ്റെ അമ്മയോടൊന്ന് സംസാരികട്ടെ

by aflah



# അമ്മ

ആദ്യമായ് കണ്ടതെൻ അമ്മയെ മാത്രം
ഞാനാദ്യമായി ചൊല്ലിയ  മന്ത്രസ്വരം അമ്മ
അമ്മയാണിന്നെനിക്കെൻ്റെ നന്മ
അമ്മായി ല്ലാതൊരു ലോകമിന്നില്ലനിക്ക്

പത്തുമാസം ചുമന്ന് നൊന്തുപെറ്റൊരമ്മേ.....
നിൻ നോവിനാൽ ഞാനന്ന് ഭൂവിൽ പിറന്നപ്പോൾ
നോവുകളെല്ലാം ആനന്ദമാക്കിയമ്മ  ആനന്ദബാഷ്പങ്ങൾ
കൊണ്ടമ്മതൻ സ്നേഹം മൂർദ്ധാവിലേ കി
പത്തരമാറ്റിൻ സ്നേഹമുള്ളമ്മേ....
അമ്മതൻ സ്നേഹത്തിൽ കാന്തി തൊട്ടപ്പോൾ
പിരിഞ്ഞതാണെന്നിലെ മോഹങ്ങളെക്കെയും
അമ്മതൻ മകളായി വളർന്നതാണെന്നിലെ നന്മകളെക്കെയും

അമ്മയല്ലോ ഭൂവിൽ എന്നും ദൈവം
അമ്മയെ മറന്നവർ എന്നും മോർത്തീടണം
അമ്മയില്ലാതൊരു ജന്മമുണ്ടാകുമോ
സഹനത്തിൽ അമ്മ ത്യാഗത്തിൽ അമ്മ
അമ്മേ , നിനക്കെൻ ഒരായിരം നന്ദി



കിലുകിലെ കിലുക്കിലെ

ചങ്ങല കുലുക്കി

കറുകറുത്തോരാന

വെള്ളുവെള്ളുത്ത കൊമ്പ് കുലുക്കി

കറുകറുത്തോരാനാ

നടനടനട വഴി പോകുന്നേ

കറുകറുത്തോരാനാ

hanna fathima



# നിങ്ങളുടെ പ്രിയപ്പെട്ട പെൻസിൽ

• നിങ്ങൾ എന്നെ
ഉപയോഗിക്കാൻ
തുടങ്ങുമ്പോൾ അഹങ്കാരത്തോടെ
വലിച്ചെറിയുന്ന ഒരു കുഞ്ഞു പൻസിൽ
നിങ്ങളുടെ നഴ്സറിയിലെയും 1-ാം ക്ളാസിലുമൊക്കെ കുട്ടുകാര
നായിരുന്നില്ലേ ഞാൻ . എന്നിട്ടും ഈ എളിയവന് എന്താ നിങ്ങൾ
ഒരു വിലയും തരാത്തത്
എനിക്ക് വില കുറവായതുകൊണ്ടണ്ണോ
അതോ എന്റെ മുന വേഗം
പൊട്ടിപ്പോകുന്നതു കൊണ്ടാണോ
എന്നെ കാൾ എന്ത് ഗുണമാണ്
പെനകുള്ളത്
നിങ്ങൾക്കറിയാമേ ാ, പെൻസിലുകൊണ്ട്



ശരാശരി
4500 വാക്കൾ എഴുത്തം എന്നെ നിട്ടി
വരച്ചാൽ 50km വരെ എത്തും ഒരു ബോൾ പെൻ കൊണ്ട്
വെറും 5 km നിള്ള ത്തിലെലേ വരക്കാൻ ൻ പറ്റുകയുള്ളി
അപ്പോൾ പേനയെക്കാൾ വിദ്യുതൻ ഞാനല്ലേ. ഇതെന്താ
നിങ്ങൾ മനസ്സിലാകാത്തത്. ഓരോ വർഷവും എതാണ്ട് 4
ബിലൺ പെൻസിലുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ
ഉണ്ടാക്കുന്നുണ്ട് എന്നെ എന്തു തരം
പേപ്പറിലും മായി എഴുതാം ഞാൻ നിങ്ങളുടെ മാത്രം കൂട്ടുകാരൻ
അല്ല ഞാൻ ചിത്രകാരുടെയും അർച്ചിട്ടക്ടരുടെയും കൂടിയാണ്.
ഇത് വായിച്ചാലെങ്കിലും
നിങ്ങളെനിക്ക് എന്തെങ്കിലും സ്ഥാനം തരുമെന്ന് ഞാൻ കരുതുന്നു
അതുവരെ കാത്തിരിക്കാൻ ഞാൻ തയാറാണ് കുട്ടുകാരെ
എനിക്ക് നിങ്ങളോട് ഒന്നേ പറയാനുള്ളൂ
“നിങ്ങളെന്നെ മറന്നാലും വെറുക്കാരത്

## നൊമ്പരം

----------------

അവൾ ഏങ്ങി കരയുകയാണ്. കടലിപ്പോൾ  ശക്തിയായി തിരയടിച്ചു കൊണ്ടിരിക്കുന്നു. സന്ധ്യമയങ്ങാൻ കുറച്ചു സമയം കൂടി മാത്രം. കടലിൽ സൂര്യൻ മെല്ലെ താഴുന്നു. അവളുടെ കണ്ണുകളിൽ നിന്ന് കണ്ണീർ വിട പറയുന്നില്ല. കാരണം ആ കണ്ണുനീർ തുള്ളികൾ ഏതോ താങ്ങാൻ കഴിയാത്ത സങ്കടങ്ങളിൽ നിന്നും ഉത്ഭവിച്ചതാണ്.

സ്നേഹിക്കാൻ മാത്രം അറിയാവുന്ന തൻ്റെചേട്ടനെ
എന്നും തെറ്റിൻ്റെ ഫലമായിട്ടാണ് ജീവിച്ച് കൊതിതീരും മുമ്പേ ദൈവം വിളിച്ചത് എന്ന ചിന്തയിൽ തകർന്ന വീടിൻ്റെ ഒരു മൂലയിൽ അവൾ വേദനയോടെ നിസ്സ്- ഹായയായി ഇരുന്നു. അവൾ തൻ്റെ ചേട്ടൻ്റെ കൂടെയുള്ള കഴിഞ്ഞ കാലത്തിലൂടെ ഒന്നു കണ്ണോടിച്ചും. ആ ഓർമകൾ അവളുടെ ഹൃദയത്തെ കീറി മുറിച്ചു. പുറത്ത് തോരാതെയുള്ള മഴ, ആ മഴയ്ക്ക് തുല്യമായിരുന്നു അവളുടെ സങ്കടങ്ങളും. നേരം ഇരുട്ടിയിട്ടും അവൾ ഒന്നും കഴിച്ചതേയില്ല. പ്രകൃതി പാതി  മയക്കത്തിലേക്ക് ചാഞ്ഞു. മൂകയായ ആ ആ രാത്രിയിൽ അവൾ വിതുമ്പി  കരഞ്ഞു.

നേരം വെളുക്കുന്നതേ യുള്ളൂ. ഇരുട്ട് തീർത്തും മാറിയിട്ടില്ല. ചന്ദ്രൻ തിടുക്കത്തോടെ നടക്കുകയാണ്. അതിരാവിലെ തന്നെ മുറ്റത്തെ  വടക്കേ മൂലയിൽ തലയുയർത്തി നിന്ന മൂവാണ്ടൻ മാവിനെ യന്ത്ര വാളുകൊണ്ട് കീറിമുറിക്കാൻ തുടങ്ങിയപ്പോൾ അവളുടെ അച്ഛന്റെ ഹൃദയവും കീറിമുറിയാൻ തുടങ്ങി.

അതോടെ അച്ഛൻ ഉമ്മറത്തെ ചാരുകസേരയിലേക്ക് ചാഞ്ഞു. മറ്റൊരു നിവൃത്തിയും ഇല്ലാത്തതുകൊണ്ടാണ്  മാവു മുറിച്ച് വിൽക്കാൻ അച്ഛൻ  മുതിർന്നത്. ഇന്ന് രാവിലെയും പലിശക്കാരൻവീട്ടിൽ വന്നതേയുള്ളൂ. ഇങ്ങനെ ഇനിയെത്ര നാൾ, അവൾ സ്വയം ആശ്വസിക്കാൻ ശ്രമിച്ചു. അച്ഛന്റെയും അമ്മയുടെയും വാർദ്ധക്യത്തിൽ അവർക്ക് താങ്ങും തണലുമായി നിന്നെ മതിയാകൂ. എവിടെ നിന്ന് തുടങ്ങണംഎങ്ങനെ തുടങ്ങണം എന്ന ചോദ്യങ്ങൾ അവളെ വേട്ടയാടി കൊണ്ടേയിരുന്നു. അവളുടെ അനുവാദമില്ലാതെ കണ്ണുകളിലൂടെ കണ്ണീർക്കണങ്ങൾ ഒലിച്ചിറങ്ങാൻ തുടങ്ങി. കണ്ണുനീർ കവിളിൽ വീഴാൻ സമ്മതിക്കാതെഅവൾ മുഖം കഴുകി.

നിലക്കാതെയുള്ള നിലവിളികൾക്ക് കാതു കൊടുക്കാതെ ജീവിതത്തിൽ തന്റെ ലക്ഷ്യസ്ഥാനത്തേക്ക് എത്താൻ അവൾ പരിശ്രമിച്ചു കൊണ്ടേയിരുന്നു. അവളുടെ പരിശ്രമത്തിന്റെ ഫലമായിഅവൾക്ക് ഒരു ജോലി കിട്ടി. ഇത് അവളുടെ ജീവിതത്തിന്റെ തുടക്കം മാത്രമായിരുന്നു അവളുടെ സ്നേഹത്തിന്റെയും പരിചരണത്തിന്റെയും മുന്നിൽ അച്ഛന്റെ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ അടർന്നുവീണു. അതിൽ ഒരച്ഛന്റെ  എല്ലാ സ്നേഹവും ഉണ്ടായിരുന്നു. പിന്നീട് അങ്ങോട്ട് ചുണ്ടിൽ നിറ ചിരിയും വിരിയിച്ചു മനസ്സിന്റെ നോവുകൾ പറയാതെ യറിഞ്ഞ് എന്നും അരികിൽ തണലായി അച്ഛനും അമ്മയ്ക്കും അവളായിരുന്നു.

ശുഭം......

by jawad

# വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം

വിദ്യാഭ്യാസംഎന്നാൽ അറിവും മൂല്യങ്ങളും വിശ്വാസങ്ങളും ശീലങ്ങളും സ്വായത്തമാക്കിയെടുക്കുന്ന ഒരു പ്രകിയയാണ്. ഇന്നത്തെ കാലത്തെ ഭൂരിഭാഗം ജനങ്ങളുടേയും കാഴ്ചപ്പാട് വെറും പാഠഭാഗങ്ങൾ പഠിച്ചെടുക്കുക പരിക്ഷകളിൽ വിജയിക്കുക എന്നതാണ് വിദ്യാഭ്യാസം. എന്നാൽ അവർ മനസ്സിലാക്കേണ്ടതൊന്നുണ്ട്. നാല് പുസ്തകം വായിച്ചാലോ പരീക്ഷളിൽ വിജയിച്ചാലോ ഒരാൾ വിദ്യാസമ്പന്നനാവുന്നില്ല. പകരം നമ്മുടെ ചുറ്റുപാടിനെ കുറിച്ചും നമ്മുടെ സമൂഹത്തെക്കുറിച്ചും മനസ്സിലാക്കി പ്രവർത്തിക്കുകയും ജീവിതം എന്ന വലിയ പരീക്ഷയിൽ വിജയിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ വിദ്യാസമ്പന്നൻ. വിദ്യാഭ്യാസത്തിൻ്റെ അടിസ്ഥാന വശം 'മനുഷ്യത്വം' എന്ന പ്രധാന ഘടകം ആണ്. വിദ്യാഭ്യാസം വർദ്ധിക്കുന്ന തിന് അനുസരിച്ച് വിനയവും സൽസ്വഭാവവും വർദ്ധിക്കും. ഒരു മനുഷ്യനെ മനുഷ്യനാക്കി തീർക്കുന്നതിൽ വിദ്യാഭ്യാസം വലിയ പങ്ക് വഹിക്കുന്നുണ്ട്വിദ്യാസമ്പന്നരായ ആളുകളുണ്ടായാലെ ഒരു സമൂഹം കെട്ടിപടുക്കാൻ സാധിക്കൂ. വിദ്യാസമ്പന്നരായാൽ സമൂഹത്തിലെ ഉന്നത ശ്രേണിയിൽ ജീവിക്കുകയും താഴെ തട്ടിലുള്ളവരെ ശ്രദ്ധിക്കാതിരിക്കുകയും അവരുടെ വിദ്യാഭ്യാസത്തിന് വേണ്ടി മുൻനിരയിലേക്ക് ഇറങ്ങാൻ മടി കാണിക്കുകയും ചെയ്യുന്നത് പൊതുവേ കാണാറുണ്ട്. എന്നാൽ ഇത് ഒരു വിദ്യാസമ്പന്നന് ചേർന്നതല്ല. വിദ്യാസമ്പന്നർ ഇല്ലാതെ ഒരു രാജ്യത്തിനും നിലനിൽപ്പില്ല.രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയ്ക്ക് വിദ്യാഭ്യാസം അനിവാര്യമാണ്. ഇന്ത്യയെ പോലുള്ള ഒരു ജനാധിപത്യ രാജ്യത്തിന് വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം കുറച്ചധികമാണ്. വിദ്യാഭ്യാസത്തിന്റെയും ചിന്താശേഷിയുടെയും അടിസ്ഥാനത്തിലാണ് ജനാധിപത്യം തന്നെ പിളരുന്നത് സ്ഥാനാർത്ഥികളിൽ നല്ലവരെ തിരഞ്ഞെടുക്കുകയും അവരെ ജനപതിനീ ധി ആക്കുകയും ചെയ്യാൻ ഓരോ പൗരന്റെയും കടമയാണ്.അതിനു സാധിക്കണമെങ്കിൽ വിദ്യാഭ്യാസം ആവശ്യമാണ്. രാജ്യത്തിന്റെയും സമൂഹത്തിന്റെയും വികസനത്തിന് വിദ്യാഭ്യാസം കൂടിയേ തീരൂ. അഴിമതിക്കും ചൂഷണത്തിനുമെതിരെ പ്രതികരിക്കാനും വിദ്യാഭ്യാസം അനിവാര്യമാണ്. സമൂഹത്തിലെ വിവിധ മേഖലകളിൽ നിലകൊള്ളുന്ന ജനങ്ങൾക്ക് അവരുടെ പ്രവർത്തന മണ്ഡലത്തെ കുറിച്ച് അറിയാൻ വിദ്യാഭ്യാസം സഹായിക്കുന്നു. കർഷകർ പുതിയ കർഷകരീതിയെ കുറിച്ചും വ്യവസായികൾ പുതിയ വ്യവസായ തന്ത്രങ്ങളെ കുറിച്ചും പഠിക്കുന്നു.ഒരു രാജ്യത്ത് സാമൂഹ്യ പരിഷ്കരണവും നീതിയും സ്ത്രീ - പുരുഷ സമത്യവും വേണമെങ്കിൽ ആ രാജ്യത്ത് വിദ്യാസമ്പന്നർ ഉണ്ടാവണം.ഇക്കാലത്ത് പ്രധാനമായും കാണുന്ന മതപരമായും രാഷ്ട്രീയപരമായും ഉള്ള വിവേചനം കുറക്കാൻ വിദ്യാഭ്യാസത്തിന് സാധിക്കും. നിരക്ഷരത ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒരുപാടുണ്ട്. നിരക്ഷരത അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വളർത്തുന്നു. നമ്മുടെ ജീവിതത്തിൽ അത്രത്തോളം പ്രാധാന്യം വിദ്യാഭ്യാസത്തിനുണ്ട്. ഇക്കാലത്ത് മനുഷ്യൻ്റ അടിസ്ഥാന ആവശ്യങ്ങളായ വായു, ജലം, പാർപ്പിടം, വസ്ത്രം, ഭക്ഷണം തുടങ്ങിയവയുടെ കൂടെ വിദ്യാഭ്യാസവും കൂടിച്ചേർക്കേണ്ടതുണ്ട്. പണ്ടുകാലങ്ങളിൽ വിദ്യാഭ്യാസം ലഭിക്കാൻ ഉള്ള സൗകര്യം ഉണ്ടായിരുന്നില്ല എന്നാൽ ഇപ്പോൾ അതിനുള്ള അവസരമുണ്ട് അതുകൊണ്ട് ജീവിതത്തിൽ വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം മനസ്സിലാക്കി വിദ്യാമ്പന്നരാകുക.



by Maizah shahir

## എൻ്റെ മഴക്കാല അനുഭവം

പണ്ടുമുതൽക്കേ എല്ലാ തുടിക്കയെയും ബാലെ മ9- അലം ഞാനും വളരെയധികം രസമായിരുന്നു. അകെ നനഞ്ഞ് കടയും 2/6 മഴ ത്തസ്വദിച്ച് നടന്നുപോയ അ രസകരമായ ദിനങ്ങൾ ഞാൻ ഇന്നും ഓർത്തുന്നു. മഴ എനിക്ക് ധാരാളം രസകരവും ചീത്തയുമായ അനുഭവങ്ങൾ തന്നിട്ടുണ്ട്. ” ധാരാളം

ഞാൻ 3-ാം ജ്വാസിൽ താരാട് ജി. എൽ.പി സ ളിൽ പഠിക്കുമ്പോൾ. അന്ന് പുതപ്പിനുള്ളിൽ നിന്ന് പുറത്ത് വരാനേ തോന്നിയില്ല - ഉഗ്രൻ മഴ   അമ്മയുടെ ശകാരവാക്കുതാൻ സഹിക്കാൻ വയ്യാതായപ്പോൾ എഴുന്നേല്ല്. കുറച്ചുനേരം അടുത്തനയുടെ റെപ്പിൽ പോയിരുന്ന്
അപെയ്യുന്നതാസ്വരിച്ചു.
നല്ല തണുപ്പ്.
പാറുന്നു. പിന്നെയും
എഴുന്നേ തുളിച്ചൊരുങ്ങി.
പോകാനോങ്ങൊരുങ്ങി-
എന്നിക്ക്
കൂട്ടുക്കാരിക്കാളും
തുടങ്ങി. കാറ്റുള്ളതിനാൽ
നോക്കണമായിരുന്നു.



ചന്നം പിന്നം പെയ്യുന്ന 29 -
അമ്മത്തേക്ക് ചിമ്മാനി
അമ്മയുടെ വക ചിത്ത.
സങ്കുളിൽ
യപ്പോൾ താരം മഴയും തുടി.
സന്തോഷമായി. ഞാനും
സങ്കമേയിൽ ചോവാൻ
തുട പറത്താതെ
മുറച്ചതലെയെത്തിയപ്പോൾ
ഞങ്ങൾ തലേരിവസമേ വെള്ളത്തിലൊഴുക്കാനായി ഉണ്ടാക്കി വച്ച തോണി വെള്ളത്തിലേക്ക് ഒഴുക്കാൻ തുടങ്ങി. ചിലരുടെ തോണി വേഗത്തിൽ വോയ് . ചിലത് തങ്ങുകയും മുങ്ങുകയും ചെയ്തു - അതൊരു മത്സരം തന്നെയായിരുന്നു. ഇടക്കിടക്കാ കുടമാറ്റി മഴകൊണ്ടു. അങ്ങനെ സതൂളിലെത്തി - അപ്പോ ജേക്കും യൂണിഫോം നന്നായി നനഞ്ഞിരുന്നു . പിന്നിട് കടനിവർത്തി വെക്കാൻ സ്ഥലം ചോദിച്ച് വഴതായി. അവസാനം സ്ഥലം കിടി. സകാരൾ വിട്ടു. ഞങ്ങളോട മഴയും കൊണ്ട് ചാടിയും ഓടിയും ഡാൻസ് ചെയരും ഞങ്ങൾ പോന്നു. മഴയത്ത് ഓടിത്തളിച്ചപ്പോൾ
ഒരു കയ്യി ഞാൻ വീണു റനറ്റിപ്പൊടി. ചേര ഇതി ക്കൊണ്ടേയിരുന്നു. ഞാൻ കാര വ്യതയിക്കിരുന്നു ഞാർ കരയുന്നത് കൊണ്ട് അമ്മ ഓടിവന്നു പിന്നെ രണ്ട് ദിവസം ലിവിയിരുന്നു പക്ഷേ മുയത് തമ്മിക്കാനോ ഇന്നിനു എനിക്ക് മഴന്ന് അരസിത്താൻകഴിഞ്ഞില്ല താട്ടുകാരികൾ കളിക്കുന്നത് നോങ്ങിയിരിക്കാനേ എനിക്ക് കഴിഞ്ഞുള്ളു എനിക്ക് വിഷമമായഅങ്ങനെ മഴയെനിക്ക് ഓരേ ദിവസം നല്ലതും ചിത്തമ്മമായ അരുപങ്ങൾ തന്നു

by mihras

## വീട്ടിലെ തടവറ

**പ്രകൃതിതൻ ഈ മഴ..**
**പ്രകൃതിതൻ ഈ വെയിൽ.....**
**മനുഷ്യർ തൻ ജീവിതം ഇളക്കുമീ മഹാമാരി!**

**പണ്ടെനന്നോ ഉത്തരത്തിൽ  തൂക്കിയിട്ട തത്തതൻ ശാപമോ..**
**അതോ? കുത്തി നോവിച്ച പ്രകൃതി തൻ പ്രതികാരമോ....**

**അങ്ങു കിഴക്കേ ചക്രവാളത്തിൽ ഉദിച്ചീടുന്നൂ സൂര്യൻ...**
**അങ്ങു പടിഞ്ഞാറേ അസ്തമിച്ചീടുന്നൂ...**

**മറ്റൊരറിവും ലഭിച്ചീടാതെ നാം നാലും ചുവരിലും ജീവിതാനന്ദങ്ങൾ ഒതുക്കുന്നു നാം...**

**സ്വാതന്ത്രരായ ജീവികളെ തടവറയിലാക്കിയ നാമിന്ന്...**
**സ്വന്തം ഗൃഹത്തിൽ തടവറയൊരുക്കുന്നു**

**ബന്ധത്തിൻ വിലയറിയാത്ത നാം ഏകാന്തതയിൽ ബന്ധങ്ങളെ തേടുന്നു......**

**ആഹ്ലാദമില്ലാ... കളി- യില്ലാ... ചിരിയില്ലാ...**
**ഇവയെല്ലാം അപൂർവ്വമീപ്പോൾ പിന്നെന്താണു ജീവിതത്തിനർത്ഥം !**

**ഓർത്തീടുക ഇതെപ്പോഴും ഈ പ്രതിസന്ധിക്കും കാരണക്കാർ നമ്മൾ തന്നെ!**

by milan

## കുസൃതി ചോദ്യം

നമ്മളിൽ ഭൂരിഭാഗപേരും കഴിക്കുന്ന ആന?
ബനാന

ഒരിക്കലും വയസാകാത്ത പ്രായം?

അഭിപ്രായം

നിങ്ങൾക്ക് മറ്റുള്ളവർക്ക് കൊടുക്കാവുന്ന ശ്വാസം?
ആശ്വാസം

ചിത്രം കാണിക്കാൻ കഴിവുള്ള നാവ്?

കിനാവ്

വളരും തോറും പേര് മാറുന്ന ഫലം?
തേങ്ങ

അമ്പയ്ക്കാൻ പറ്റാത്ത വില്ല്?

മയവില്ല്

ഒരിക്കലും കഴുകാൻ പറ്റാത്ത പാത്രം?
കഥാപാത്രം

ഒരാൾക്കും കയറാൻ പറ്റാത്ത കാർ?

മഴക്കാർ

മുഴുവൻ വെള്ളമുള്ള അക്ഷരം?

cC sea-kadal

പൂജാരിക്ക് മാത്രം അറിയുന്ന ആഞ്ജലി?

പുഷ്പാഞ്ജലി

വലത് പാകം ഇഷ്ട്ടമില്ലാത്തത് ആർക്ക്?

ഇടത് പക്ഷകാർ ർക്ക്

മേക്കപ്പില്ലാത്ത മുഖം?
തുറമുഖം

by Nahila

## കപ്പും കാപ്പിയും

കോഴികൾ കാലത്തെ കൊമ്പത്ത് കൂവി.
അമ്മ കാലത്തെ കിച്ചണിൽ കേറി.
കാപ്പി അടുപ്പത്ത് തിളച്ചു.
അതാ കപ്പ് വെള്ളത്തിൽ കുളിച്ചു
കപ്പു തണുത്തു വിറച്ചു.
അമ്മ കാപ്പി അതിലേക്ക് ഒഴിച്ചു.
കപ്പിന്റെ തണുപ്പ് ഒക്കെ പോയി
അങ്ങനെ കപ്പിനും സന്തോഷമായി.

by Najil



# അമ്മതൻനെഞ്ചിലെ കനൽ-
# തിരിനാളം

അമ്മയാണെൻ കണ്ണിലാദ്യ- ദൈവം
പ്രാണവേദന സഹിച്ചു ജന്മം
നൽകിയിട്ടും അമ്മ മാത്രം,
മക്കൾതൻ ആദ്യ ദൈവം!
ഉദരത്തിലേറിയ നാൾ മുതൽ-
ക്കന്ത്യശ്യാസം വരെ
തൻ കുഞ്ഞിന് രക്ഷകനായി-
എന്നമ്മയെന്നും,നിഴലായി,-
തണലായി കൂടെയുണ്ടേ...!
അമ്മിഞ്ഞപ്പാലിൻ ആദ്യമധുരം-
നുഗർന്നു തന്നതെന്നമ്മ,
ആദ്യാക്ഷരങ്ങൾ ചൊല്ലി- പഠിപ്പിച്ചതുമമ്മ,
പിച്ചവെച്ചിടാനും പഠിപ്പിച്ചതമ്മ,
ജീവിതമെന്തന്ന് പഠിപ്പിച്ചി- ടുന്നതും അമ്മയാണേ..!
നമൊരു നേട്ടത്തിനർഹനാ- ണെകിൽ;
അതിനുറവിടം അമ്മയല്ലോ..
മക്കളുടെ അനന്ദമാണമ്മതൻ-
സംതൃപ്തി.
ശെരിതെറ്റുകൾ ചൊല്ലി- പഠിപ്പിച്ചിടുന്നേരം
ചെറുശിക്ഷകൾ നൽകിയിട്ടും ;
നമ്മുടെ നന്മക്കായി.
ശിക്ഷയാൽ നാം കരഞ്ഞി-
ടുമ്പോൾ നമ്മെക്കാൾ നോവും-
ശിക്ഷിച്ച മാതൃഹൃദയം.
മാതാപിതഗുരു ദൈവമെന്നല്ലോ
മാതാവാണ് പ്രഥമവും, പ്രധാനവും.
വാർദ്ധക്യത്തിൽ വൃദ്ധസദന- തനത്തിൽ
ഇരുചുമരുകളിൽ നമ്മെ-
സ്നേഹിച്ചുതീർക്കും
അമ്മതൻ ജീവിതം.
സഹനത്തിൽ പ്രതീകമെന്നമ്മ
ഒരിക്കലും വറ്റിലമ്മതൻ മാതൃ-
സ്നേഹത്തിനരുവി
നോവിക്കരുതേ ആ മാതൃ-
ഹൃദയത്തെ...



by niya fathima

## മൗനം


ആത്മാവിൽ നിറഞ്ഞ അഗ്നിയായിരുന്നു നീ എനിക്ക്
എൻ്റെ ആർദ്രമിഴികളെ ബാഷ്പീകരിച്ച അഗ്നി
സ്വപ്നങ്ങൾക്ക് പാറാവിരിക്കുന്ന തളർന്ന എൻ്റെ
നിമിഷങ്ങളിൽ നിഗൂഢമായാണ് നീ വന്നത്
നിൻ്റെ സ്വപ്നങ്ങളിൽ മഴ കനിഞ്ഞ
വേനലെന്ന പോൽ ഞാൻ നിർവൃതി പൂണ്ടു
പിന്നീട് സത്യവും മിഥ്യയും തീർത്ത സങ്കടക്കടലിൽ
നാമകലാതെയകന്നുവെങ്കിലും

നീ മാത്രമായിരുന്നു
എൻ വാക്കുകളിൽ മൗനത്തിൽ നിണമിന്നൊഴുകി
വസന്തമേ..... അവസാന പൂവും പൊഴിച്ച്
നീ മറയുമ്പോൾ സായന്തനങ്ങളു പേക്ഷിച്ച്
കിളിക്കൂട് പോൽ എൻ മനം ശൂന്യമായി മാറി
ഒടുവിലിന്നിതാ മൗനത്തിൽ വ്യഥകൾ നൽകി
മൊഴികൾ യാത്രയാവുന്നു....
മറ്റൊരു മൗനവും തേടി

by Rufaida

# എന്റെ കോവിഡ് കാലഅനുഭവങ്ങൾ

ലോകജനതയെ തീരാദുരിതത്തിലേക്ക് തള്ളിയിട്ട മഹാമാരിയാണ് കോവിഡ് - 19 എന്ന കൊറോണ വൈറസ് ചൈനയിൽ നിന്നായിരുന്നു ഇതിൻ്റെ ഉത്ഭവം.സാധാരണ മനുഷ്യന് വരുന്ന പനി, ചുമ, തുമ്മൽ ഇതെല്ലാം തന്നെ ഈ വൈറസിന്റെ ലക്ഷണങ്ങളാണ്. ഏകദേശം ഞങ്ങൾ ഏഴാം ക്ലാസ്സ് കഴിയാനായപ്പോഴാണ് കോവിഡ് മഹാമാരി വ്യാപിച്ചു തുടങ്ങി സ്കൂളും സ്ഥാപനങ്ങളും അടച്ചിടാൻ തുടങ്ങിയത്. അന്നൊക്കെ വളരെയേറെ ഞങ്ങൾ സന്തോഷിച്ചിരുന്നു. പരീക്ഷ എഴുതണ്ട . അങ്ങനെ അങ്ങനെ പക്ഷെ പതിയെ പതിയെ അത് വളരെയേറെ സങ്കടമായി മാറിത്തുടങ്ങി. കോവിഡ് ലോകമാകെ വ്യാപിച്ചു. ലക്ഷക്കണകിന് ആളുകൾ ഈ ലോകത്തോട് വിടപറഞ്ഞു. പഠനം ക്ലാസ്സ് റൂം ഇവായാക്കെ ടി.വിയിലും ഫോണിലുമൊക്കെയായി മാറി. കൂട്ടുകാരനെയും, ടീച്ചർമാരെയും സ്കൂളും ഒന്നും കാണാൻ കഴിയാതെ ആകെ വിഷമിച്ചു. ആദ്യമൊക്കെ സ്കൂളിൽ പോകാൻ എന്നാൽ വളരെ മടിയായിരുന്നു.. കൊറോണ കാലത്ത് ഒരു തവണ സ്കൂളിൽ പോയിരുന്നെങ്കിൽ എന്ന് ആശിച്ചുപോയി.



കൂട്ടുകാരൊത്ത് കളിക്കുകയും ചിരിക്കുകയും പങ്കിട്ട് കഴിക്കുകയും ചെയ്യുന്നത് എന്തു രസമായിരുന്നു. ഓൺലൈൻ ക്ലാസ്സ് രണ്ടു ദിവസം കണ്ടപോയേക്കും മടുത്തു.സ്കൂളിൽ പോയി പഠിക്കുന്ന സുഖം വീട്ടിൽ നിന്ന് പഠിച്ചാൽ ഉണ്ടാവില്ലല്ലോ. സ്കൂളിൽ പോയി പഠിക്കുന്ന സുഖം അതൊന്ന് വേറെ തന്നെയാണ്. ഈ കൊറോണ കാലം നമ്മെ കുറേ കാര്യങ്ങൾ പഠിപ്പിച്ചു. ഹോട്ടലിൽ നിന്ന് ചിക്കനും, മട്ടനും വാങ്ങി തിന്നുന്ന നമ്മൾക്കിന്ന് റേഷനരി തുണ. സ്കൂളിൽ പോകാനോ കൂട്ടുകാരൊത്ത് കളിക്കാനോ കഴിയാത്ത ഒന്നരവർഷം കടന്നു പോയി. ഓർക്കുമ്പോൾ വിശ്വസിക്കാൻ കഴിയുന്നില്ല.2020 ഓഗസ്റ്റിലാണ് ഞങ്ങളുടെ വീട്ടിൽ ആടിനെ വാങ്ങിയത്. ആടിനെ വാങ്ങിയതോടെ കൂട്ടുകാരോടൊത്ത കളിക്കാൻ പറ്റാത്ത കുറച്ചു സങ്കടം മാറികിട്ടി. അവരോടോത്ത് കളിക്കുന്നത് വളരെയേറെ കൗതുകമേറിയതാണ്. അവരോടൊത്ത് കളിച്ചാൽ സമയം പോകുന്നത് അറിയേയില്ല.അവരെ കൂടുതൽ അറിയാൻ ശ്രമിച്ചും കഴിഞ്ഞാൻ നമ്മക്ക് വിട്ടുപിരിയാനാവുകയില്ല. മാത്രമല്ല മറ്റു ജീവജാലങ്ങളോട് ക്രൂരതകൾ ചെയ്യാനും മനസ്സുണ്ടാവുകയില്ല. ഈ കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസ്സ് ഞങ്ങൾക്ക് പുതിയൊരനുഭവമായിരുന്നു. പുതിയ പുതിയ ടീച്ചർ മാരെ കാണാൻ പറ്റി. അവരുടെ ക്ലാസ്സുകളിൽ ഇരിക്കൻ പറ്റി.കൊറോണ ബാധിച്ച് എത്ര എത്ര മനുഷ്യരാണ് ഇ ലോകം വിട്ടുപോകുന്നത്. എന്നിട്ടും ചില മനുഷ്യർ ഇതൊന്നും വകവെക്കാതെ നടക്കുന്നു. അതിൻ്റെ പരിണാമ ഫലം എന്തന്നറിഞ്ഞിട്ടും ആളുകൾ നിയമം പാലിക്കുന്നുണ്ടോ എന്നറിയാൻ പോലീസുകാർ മിക്ക ദിവസവുംഞങ്ങളുടെ വീടിനടുത്തൊക്കെ വരുമായിരുന്നു. മാസ്ക് ധരിക്കാതെ പുറത്തിറങ്ങിയാൽ ഫൈൻ അടിക്കണമായിരുന്നു.അതുകൊണ്ട് ആളുകൾക്ക് കുറച്ചൊ ക്കെ ഭയമുണ്ടായിരുന്നു . പോലിസുകാർ എല്ലാ സ്ഥലങ്ങളിലും പോകുമായിരുന്നു. ഈ കൊറോണകാലത്ത് ജോലിയൊന്നുമില്ലാതെ കുറേ ആളുകൾക്ക് വിഷമമനുഭവിക്കേണ്ടതായി വന്നു.എന്റെ അച്ഛനും വല്ലാതെ ജോലിയൊന്നുമുണ്ടായിരുന്നില്ല. ഇത്തരത്തിൽ ഒരു വൈറസ് ഈ ലോകത്തുണ്ടായിട്ടില്ല. ഈ കൊറോണ കാലത്ത് കുറേ പുതിയ വാക്കുകൾ കേൾക്കുവാനും, പഠിക്കുവാനും സാധിച്ചു. ക്വാറൻ്റീൻ, സാനിറ്റൈസർ ഈ കൊറോണകാലം ഞങ്ങളെ വളരെയേറെ ദു:ഖിപ്പിക്കുന്നതായിരുന്നു. അതുപോലെ നവ്യാനുഭവങ്ങൾ നിറഞ്ഞതുമായിരുന്നു.

by Shadila

(വായനാക്കുറിപ്പ്)

## എന്റെയാണെന്റെയാണീ കൊമ്പനാനകൾ
ഉണ്ണി. ആർ

ആധുനിക മലയാള ചെറുകഥാകൃത്തും തിരക്കഥാകൃത്തുമാണ് ഉണ്ണി.ആർ.1971 ൽ കോട്ടയം ജില്ലയിൽ ജനിച്ചു. കാളിനാടകം, ബഹു ജീവിതം, ആലിസിന്റെ അത്ഭുതലോകം, മുദ്ര രാക്ഷസം, ലീല എന്നിവ ഉണ്ണി. ആർ ന്റെ ശ്രദ്ധിക്കപ്പെട്ട കഥകളാണ്. ഉണ്ണി.ആർ ന്റെ എന്റെയാണെ ന്റെയാണീ കൊമ്പനാനകൾ എന്ന കഥയുടെ വായനാക്കുറിപണിവിടെ എഴുതുന്നത്.

വായന മരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായന മാത്രം ജീവിതമാക്കിയ ഒരു മനുഷ്യനെയാണ് ഈ കഥയിലൂടെ ഉണ്ണി. ആർ കാണിച്ചുതരുന്നത്. വളരെ ലളിതമായ ഭാഷയിലാണ് കഥ അവതരിപ്പിച്ചിരിക്കുന്നത്. പ്രധാന കഥാപാത്രമായ പ്രഭാകരൻ ഒരു ശരാശരി കുടുംബത്തിലെ സാധാരണക്കാരൻ. വായനയായിരുന്നു അയാളുടെ ജീവിതം. അതിനുവേണ്ടി വീട്ടിലെ ഒരു മുറിതന്നെ അയാളൊരുക്കി, അതിൽ മരത്തിന്റെ അലമാരകളും നിറയെ പുസ്തകങ്ങളും കാര്യമായ വരുമാനം ഒന്നുമില്ലാത്ത അയാൾക്ക് കുടുംബത്തിന് വേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്ന കുറ്റബോധം വന്നപ്പോൾ, തന്റെ വായന നിർത്തി പുസ്തകങ്ങളും അലമാരകളും വിറ്റ് കാശാക്കി കുടുംബത്തിന് ഉപകാരപ്പെടും എന്ന ചിന്ത വന്നു. ശേഷം പുസ്തകം വിറ്റപ്പോൾ പുസ്തകങ്ങളില്ലാതെ തനിക്ക് ജീവിക്കാനാവില്ല എന്ന തിരിച്ചറിവ് വരുന്നതുമെല്ലാമാണ് കഥയുടെ ഉള്ളടക്കം. പ്രഭാകരന്റെ ഭാര്യ പത്മിന് ശരാശരി മലയാളി ഭാര്യമാരുടെ പ്രതീകമായിട്ടാണ് കാണിക്കുന്നത്. വിവാഹം കഴിച്ചു കൊണ്ടുവന്നപ്പോൾ 'ഈ പുസ്തകങ്ങളെല്ലാം നിങ്ങൾ വായിച്ചതാണോ' എന്ന് ചോദിച്ച് ആശ്ചര്യപ്പെടുന്നത് കാണുമ്പോൾ തന്നെയറിയാം അവൾ ഒരു സാധാരണ മലയാളി സ്ത്രീയാണെന്ന്. അതുപോലെ തന്നെ 'അവൾ പ്രളയത്തിൽ നിന്ന് ഓരോ ജീവനെയും രക്ഷിക്കുവാൻ പെടുന്ന വെപ്രാളത്തോടെ ഉണക്കാനിട്ടിരുന്ന തുണികൾ ഓരോന്നും വാരിയെടുത്തു'. എന്ന കഥയിലെ പ്രയോഗം മലയാളി വീട്ടമ്മയെ തന്നെയാണ് ചിത്രീകരിക്കുന്നത്.

ലളിതമായ ഭാഷയോടൊപ്പം സാഹിത്യ ഭംഗിയും കഥയിലൂടെ നീളം നിറഞ്ഞൊഴുകുന്നു. മഴയെ ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് ആയിരം കാലുകളുള്ള വിചിത്രജീവി വീടിനു ചുറ്റും വലയം വലയം വെക്കുന്നതായാണ് ചിത്രീകരിക്കുന്നത്. പുസ്തകങ്ങൾ വിറ്റതിനുശേഷം പ്രഭാകരനെ വിശദീകരിക്കുന്നത് അപരിചിതമായ ഏതോ ഭൂഖണ്ഡത്തിൽ ഒറ്റപ്പെട്ടുപോയ ഒരു മനുഷ്യനായിട്ടാണ്. അതുപോലെ തന്നെ കഥയിൽ പറയുന്ന പാളായത്തെ മുഹമ്മദ് മലയാളികൾക്ക് ഏറെ സുപരിചിതനായ ഒരു ദല്ലാളിയായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. എല്ലാ ദല്ലാളിമാരെയും പോലെ പുസ്തകം കച്ചവടം ആക്കിയപ്പോൾ ഒരു വായനാ കാരന്റെ മരണം ആഘോഷിക്കുന്നത് പോലെയാണ് മുഹമ്മദിനെ കഥയിൽ കാണിക്കുന്നത്.

പണമുണ്ടെങ്കിൽ എന്തും നേടാം എന്ന മനുഷ്യന്റെ അഹങ്കാരമാണ് ഡോ. ജോണിലൂടെ കാണിക്കുന്നത്. ഒരിക്കൽപോലും പുസ്തകം വായിക്കാൻ താല്പര്യം കാണിക്കാത്ത അയാൾ തന്റെ വീടിന്റെ ഭംഗി കൂട്ടാൻ വേണ്ടി മാത്രം പ്രഭാകരന്റെ അലമാരകളും പുസ്തകങ്ങളും വാങ്ങുന്നു.

വായന എത്രത്തോളം ഒരു മനുഷ്യന്റെ ജീവിതത്തെ സ്വാധീനിച്ചുവെന്നു, അത് നിർത്തിയപ്പോൾ അയാൾക്ക് ഉണ്ടായ മാനസിക തകർച്ചയും ആണ് വായന മറന്ന പുസ്തക തലമുറയ്ക്ക് മുന്നിൽ ഉണ്ണി. ആർ കഥയിലൂടെ സമർപ്പിക്കുന്നത്

## ത്യാഗത്തിന്റെ പൂർണത

ഒരിക്കൽ ഒരു ശില്പിയുണ്ടായിരുന്നു. അദ്ദേഹത്തിൻ കല്ലിൽ കൊത്തുപണി ചെയ്യാൻ ഒരുപാട് ഇഷ്ടമായിരുന്നു. ഒരിക്കൽ അദ്ദേഹമൊരു യാത്ര പോയി. ചെന്നത്തിയത് ഒരു കാട്ടരുവിയുടെ ഓരത്ത്. അദ്ദേഹം അവിടെ രണ്ട് കല്ലുകൾ കണ്ടു. അതിൽ ആദ്യത്തെ കല്ലിനോട് അദ്ദേഹം ചോദിച്ചു. "നീ എനിക്ക് വേണ്ടി അല്പം വേദന സഹിക്കാൻ തയ്യാറാണോ " എന്ന്. ആ കല്ല് ശരി എന്ന് പറഞ്ഞു. അങ്ങനെ ശില്പി അദ്ദേഹത്തിന്റെ ആയുധങ്ങളെടുത് ആ കല്ലിനെ കൊത്താൻ തുടങ്ങി. ആ കല്ലിന്റെ ഒരുപാട് വേദനിച്ചതുകൊണ്ട് ആ കല്ല് ശില്പിയിൽ നിന്നും വഴുതിമാറി. ശില്പി വിഷമത്തോടെ രണ്ടാമത്തെ കല്ലിനോട് ഒന്നാമത്തെ കല്ലിനോട് ചോദിച്ച അതെ ചോദ്യം ആവർത്തിച്ചു. എനിക്ക് പൂർണസമ്മതമാണെന്ന് രണ്ടാമത്തെ കല്ല് എളിമയോടെ പറഞ്ഞു. അങ്ങനെ ശില്പി ജോലി തുടങ്ങി. കല്ലിനെ തലങ്ങും വിലങ്ങും ചെത്തി മിനുക്കി. കല്ല് എല്ലാ വേദനയും സഹിച് മിണ്ടാതെ ഇരുന്നു. കുറച്ചു കഴിഞ്ഞ് ശില്പി കല്ലിനോട് ചോദിച്ചു "നിനക്ക് വേദനിക്കുന്നുണ്ടോ "എന്ന്. കല്ല് പറഞ്ഞ മറുപടി "എനിക്ക് നന്നായി വേദനിക്കുന്നുണ്ട്. എന്നാലും അങ്ങ് അങ്ങയുടെ ജോലി തുടർന്നോളൂ എനിക്ക് കുഴപ്പമില്ല "എന്നായിരുന്നു. അങ്ങനെ ഒരുപാട് കഷ്ടഥകൾക്ക് ശേഷം ആ കല്ല് അതിമനോഹരമായൊരു ശില്പമായി മാറി. എല്ലാം കഴിഞ്ഞ് ക്ഷീണിച് വിയർത്തൊലിച്ച ശില്പി ആറ്റിലിറങ്ങി കുളിച്ച് കായ്കനികൾ ഭക്ഷിച്ച്,ആ ശില്പത്തെ അവിടെ ഉണ്ടായിരുന്ന ഒരു ആൽത്തറയിൽ വെച്ച് കുറച്ചു ചന്ദനം പുരട്ടി അതിനെ പ്രാർത്ഥിച്ചു. അങ്ങനെ കേട്ടറിഞ്ഞവരെല്ലാം അവിടെ വരാൻ തുടങ്ങി വെറുതെ പഴവസ്തുവായി കിടന്ന ഒരു കല്ലിനെ ആരാധിക്കാൻ തുടങ്ങി. ആ ശില്പത്തെ ഒരാശ്രമത്തിൽ പ്രതിഷ്ഠിച്ചു. ആളുകൾ അവിടെ കിടന്ന ഒരു കല്ലെടുത്തു തേങ്ങ ഉടക്കാൻ വേണ്ടി ഇട്ടു. അത് നമ്മുടെ ശില്പി ആദ്യം എടുത്ത കല്ലായിരുന്നു.



അഹങ്കാരമില്ലാതെ ത്യാഗത്തോടെയും, ക്ഷമയോടെയും, വിനയത്തോടെയും,എളിമയോടെയും നമ്മൾ ജീവിച്ചാൽ നമ്മൾ ഈ ലോകത്തിന്റെ ഉന്നതിയിൽ, എല്ലാവരും ആരാധിക്കുന്ന ഒരാളായി മാറാം എന്ന ഒരു പാഠം നമുക്ക് ഈ കഥയിൽ നിന്നും മനസ്സിലാകാം.

പഴഞ്ചൊല്ലുകൾ ഉപദേശങ്ങൾ

അറിഞ്ഞു സ്നേഹിക്കുക

നിങ്ങൾ നന്നെങ്കിൽ ലോകവും നന്ന്

ആരോഗ്യമാണ് ധനം

വിനയം
അഹംഭാവത്തേമ്മാൾ ഉത്തമം

പുറത്ത് ദൈവം അകത്ത് പിശാച്

അധ്വാധിക്കാതെ നേട്ടമില്ല
സമുഹം മനുഷ്യനെ വാർത്തെടുക്കുന്നു

വിഡ്ഢികൾ വിഡ്ഢിക്കളെ പുകഴ്ത്തുന്നു

പലർ ചേർന്നാൽ അഭിപ്രായം പലവിധം

ആപത്ത് വരുന്നത് ഒന്നായി ഒഴിയുന്നത് ഓരോന്നായി

ആവും കാലം ചെയ്തത് ചാവും കാലം കാണാം

മിച്ചം വെച്ചത് സമ്പാദ്യം

മിന്നുതതെല്ലാം പൊന്നല്ല

ആത്മമിത്രം അപൂർവ്വവസ്തു

വിതച്ചതേ കൊയ്യൂ

അങ്ങോട്ടുള്ളത് പോലെ ഇങ്ങോട്ടും

സ്തുതിപാഠകരെ സൂക്ഷിക്കുക

ഇരിക്കും മുമ്പേ കാൽനിട്ടരുത്

അറിവില്ലാത്തവന് ആചാരം വഴികാടി

ഇന്നാകുന്നത് നാളേക്കുനീട്ടരുത്

ആവശ്യത്തിന് അനൗചിത്യമില്ല

നന്മവിതച്ചാൽ നന്മ വിളയും

വാക്ക് കൊണ്ട് വയർ നിറയുകയില്ല

# സഹായിയും അപകടകാരിയും

മൊബൈൽ ഫോൺ യുഗമാണ്. കൊച്ച് കുട്ടിക്കൾ മുതൽ പടു വൃദ്ധന്മാർ വരെ ഇതുപയോഗിക്കുന്നവരാണ്. വീട്ടിൽ പണിയായാൽ പോലും മൊബൈൽ ഉപയോഗിക്കുന്നവർ ചുരുക്കം. ഹൈസ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ഈ ഉപകരണം സ്വന്തമിക്കാത്തവർ വളരെ അപൂർവ്വം ഒരു വീട്ടിൽ ആളൊന്നിന് ഒരു മൊബൈൽ എന്നതാണ് ഏറ്റവും ചുരുങ്ങിയ കണക്ക്. ഒരു മൊബൈൽ കൈവശമില്ലാത്തവൻ ഇന്നുമോശക്കാരൻ തന്നെ. മൊബൈൽ നമ്മുടെ കാലഘടത്തിലെ വലിയ ഉപകാരിയും സഹായിയുമാണെന്ന കാര്യത്തിൽ ആർക്കാണ് സംശയം. ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നത് അതിൻ്റെ മറുവശം തുടർച്ചയായി ഫോൺ ഉപയോഗിക്കുന്നത് കേൾവിയെ ബാധിക്കുമത്രെ. ഇയർഫോൺ ഉപയോഗിച്ച് അപകടം ഒഴിവാക്കാം. ദീർഘനേരം ഫോൺ ഉപയോഗിക്കാതിരിക്കാനാണ് ശ്രദ്ധിക്കേണ്ടത്. മൊബൈൽ ഫോൺ തലച്ചോറിലെക്യാൻസറിന് കാരണമാകുമെന്ന് ശാസ്ത്രീയ പഠണങ്ങൾ പറയുന്നു. 10 വർഷത്തോളം ദിവസവും മൊബൈൽ ഉപയോഗിച്ച ഒരാൾക്ക് ഉപയോഗിക്കാത്ത ആളെ അപേക്ഷിച്ച് തലച്ചോറിൽ ക്യാൻസർ വരാനുള്ള സാധ്യത ഇരട്ടിയാണെന്ന് തെളിഞ്ഞിരിക്കുകയാണ്. മൊബൈൽ തരംഗങ്ങൾ തലച്ചോറിൽ രോഗം ഉണ്ടാക്കാനുള്ള സാധ്യത കൂതലാണെന്നതിനാൽ കുട്ടികൾ മൊബൈൽ ഉപയോഗിക്കുന്നത് പരമാവധി നിരുത്സാവിപ്പെത്തുക. മൊബൈൽ ഫോണുകളുടെ തുടർച്ചയായ ഉപയോഗം മനുഷ്യൻ്റെ ഡി.എൻ. എ ഘടനയിലും മാറ്റമുണ്ടാകുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഷർട്ടിൻ്റെയോ പാൻ്റിൻ്റെയും പോക്കറ്റിൽ മൊബൈൽ ഫോൺ സൂക്ഷിക്കുന്നത് ആന്തരവയങ്ങൾക്ക് ദോശമുണ്ടാക്കും. മൊബൈൻ വഴി കാൾ ചെയ്യുമ്പോയും സ്വീകരിക്കുമ്പോഴും മാത്രമല്ല മൊബൈൽ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോഴൊക്കെ ദോശഫലങ്ങൾ ഉണ്ടാകും. ഹൃദയത്തിൽ മസ്തിഷ്കത്തിനും ഇലക്ട്രോ മാഗ്നറ്റിക് തരംഗങ്ങൾ ദോശംചെയ്യും.



മൊബൈൽ ഉപയോ ഗം റേഡിയേഷൻ തലച്ചോറിൻ്റെ കോശങ്ങളെ തകർക്കുന്നതാണ്. കുട്ടികങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി കാണിക്കുന്ന പരസ്യങ്ങൾ ഒഴിവാക്കണമെന്ന് സേവന ദാതാക്കാളോടും സെൽ ഉൽപാദക കമ്പനികളോടും സർക്കാർ ആവശ്യപ്പെട്ടിരി ക്കുകയാണ്. പലർക്കും മൊബൈൽ ഇന്നൊരു ബ്രാന്താണ്. മൊബൈലിനോടുള്ള ലഹരി കൗമാരക്കാരെയും യുവതിയുവാക്കളെയും ആണ് അടിമകളാക്കി മാറ്റിയിരിക്കുന്നത്. പലർക്കും ഒന്നോ രണ്ടോ നേരം ആഹാരം കഴിച്ചില്ലെങ്കിലും അഡ്ജസ്റ്റ് ചെയ്യാം. എന്നാൽ മൊബൈൽ ഇല്ലാത്ത അൽപ്പസമയം പോലും ജീവിക്കാനാവാത്ത അവസ്ഥയാണ്. ഫോൺ വിളിക്കാതിരുന്നാലും എസ്.എം.എസ് ലഭിക്കാതിരുന്നാലും ടെൻഷനാവുന്നതാണ് ഇന്നത്തെ യുവതി യുവാക്കയുടെ പ്രധാന രോഗം. മൊബൈൽ ഫോൺ ഇല്ലാതെ ഇനിയുള്ള കാലം ആശയ വിനിമയം തന്നെ സാദ്ധ്യമല്ലെന്ന നിലയിലാണ് ലോകം.









